"ഭരണഭാഷ- മാതൃഭാഷ"

30 NOV 2024

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സംസ്ഥാനത്തെ ഐ ടി ഐ കളിലെ വനിതാ ട്രെയിനികൾക്ക് മാസത്തിൽ രണ്ട് ദിവസം ആർത്തവ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ) നം.1231/2024/LBR തീയതി,തിരുവനന്തപുരം, 28-11-2024

---

പരാമർശം:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 14.11.2023 ലെ ഡി.റ്റി./372/2023-എഫ്3 നമ്പർ കത്ത്.

2. സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് കമ്മിറ്റി സെക്രട്ടറിയുടെ 14.11.2024 ലെ നിവേദനം.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ആർത്തവ അവധി അനുവദിച്ചതുപോലെ ഐ.ടി.ഐ.കളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ആർത്തവദിവസങ്ങളിൽ ശാരീരികമായും മാനസികമായും വലിയ രീതിയിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നുവെന്നും അവധി എടുക്കേണ്ടി വരുന്നതിനാൽ ഹാജർ നിലയിൽ കുറവ് വരുന്നതുകൊണ്ട് പരീക്ഷ എഴുതുന്നതിൽ അയോഗ്യരാക്കപ്പെടുന്നുവെന്നും അതിനാൽ മാസത്തിൽ രണ്ട് ദിവസം ആർത്തവ അവധിയായി പരിഗണിച്ച് ഹാജർ നൽകണമെന്നുമുള്ള Kerala State Industrial Trainee's Council 2022 (KSITC) ന്റെ അപേക്ഷ പരിഗണിച്ച് ടി വിഷയം പരിശോധിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും, പ്രസ്തുത കമ്മിറ്റി ഡി.ജി.റ്റിയുടെ ട്രെയിനിംഗ് മാന്വലിലെ മാർ ഗ്ഗനിർ ദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഐ.ടി.ഐകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ആർത്തവ സമയത്ത് വളരെയധികം ബുദ്ധിമുട്ടുള്ള ദിവസങ്ങളിൽ ട്രെയിനിംഗ് മാന്വൽ ക്ലോസ് 02.10.2(v) പ്രകാരം ലീവ് അനുവദിക്കാവുന്നതാണ് എന്നും ടി ട്രെയിനിയ്ക്ക് 80% ഹാജർ തികയാതെവരുന്ന സാഹചര്യത്തിൽ ഷോപ്പ് ഫ്ലോർ ട്രെയിനിംഗ് നൽകി ഹാജർ തികയ്ക്കുന്നതിനുള്ള

F
30/11/24

30/11/24

നടപടി സ്വീകരിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ട്രെയിനിംഗ് ഡയറക്ടർ പരാമർശം 1 പ്രകാരം അറിയിച്ചിരുന്നു. വിദ്യാർത്ഥിനികൾ ആർത്തവ സമയത്ത് അനുഭവിക്കുന്ന ആരോഗ്യകരമായ ബുദ്ധിമുട്ടുകളും, മാനസിക സമ്മർദ്ധങ്ങളും കണക്കിലെടുത്ത് ഐ.ടി.ഐ.കളിലെ വിദ്യാർത്ഥിനികൾക്ക് ആർത്തവ സമയത്ത് അവധി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് കമ്മിറ്റി-യും നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ ഐ ടി ഐ കളിലെ വനിതാ ട്രെയിനികൾക്ക് മാസത്തിൽ രണ്ട് ദിവസം ആർത്തവ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി വനിതാ ട്രെയിനികൾക്ക് 80% ഹാജർ തികയാതെ വരുന്ന സാഹചര്യത്തിൽ ഷോപ്പ് ഫ്ലോർ ട്രെയിനിംഗ് നല്കി ഹാജർ തികയ്ക്കേണ്ടതാണ് എന്ന് കൂടി ഉത്തരവാകുന്നു. ആർത്തവ അവധി എടുക്കുന്ന വനിതാ ട്രെയിനികൾ ഹാജർ പൂർത്തിയാക്കുന്നതിന് അനുവദിക്കുന്ന ഷോപ്പ് ഫ്ലോർ ട്രെയിനിംഗ് ആവശ്യാനുസരണം പ്രയോജനപ്പെടുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 28-11-2024 14:40:28
സെക്ഷൻ ഓഫീസർ

DE & T Received on. 29/11/24

**മേലെഴുത്ത് നമ്പർ DT/372/2023-F3 തീയതി 05-12-2024**

സർക്കാർ ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കുമായി

**അഡീഷണൽ ട്രെയിനിംഗ് ഡയറക്ടർ**

സ്വീകർത്താവ് : എല്ലാ സ്ഥാപന മേധാവികൾക്കും

വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി